**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1397** **07-02-2023 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതിയിൽ നീന്തൽ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ പാഠ്യപദ്ധതിയിൽ ആരോഗ്യ-കായിക പദ്ധതിയുടെ ഭാഗമായി നീന്തൽ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | നിലവിലുള്ള ആരോഗ്യകായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമായി നീന്തൽ നിർബന്ധിത മേഖലയായി ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള ക്ലാസുകളിലെ ആരോഗ്യ കായിക വിദ്യാഭ്യാസം ടീച്ചർ ടെക്സ്റ്റിൽ വ്യത്യസ്ത ഘട്ടങ്ങളായി ഇതിന്റെ ഉള്ളടക്കം ക്രമീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ വിദഗ്ധരായ നീന്തൽ പരിശീലകരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ഈ ഉള്ളടക്ക ഭാഗങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയത്. |
| (ബി) | പാഠ്യപദ്ധതിയിൽ നീന്തൽ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്ത് മുങ്ങിമരണങ്ങൾ കുറയ്ക്കാൻ സാധിക്കും എന്നത് വസ്തുതയാണോ; അറിയിക്കുമോ; | (ബി) | പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തി യിരിക്കുന്ന നീന്തലുമായി ബന്ധപ്പെട്ട പ്രായോഗിക പരിശീലനം കൂടി കുട്ടികൾക്ക് പകർന്ന് നൽകേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തെ നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നീന്തലിന്റെ പ്രായോഗിക പരിശീലന സംവിധാനങ്ങൾ നിരവധി ഇടങ്ങളിൽ ഒരുക്കി കൊടുത്തിട്ടുണ്ട്. കുട്ടികൾ നീന്തലിന്റെ പ്രായോഗിക ശേഷി ആർജിക്കുന്നതിലൂടെ സംസ്ഥാനത്ത് ഉണ്ടാകുന്ന മുങ്ങിമരണങ്ങൾ കുറയ്ക്കാൻ കഴിയും എന്നു കരുതുന്നു. |
| (സി) | ഓരോ മണ്ഡലത്തിലെയും ഒരു സ്കൂളിൽ ഒരു നീന്തൽകുളം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ? | (സി) | ഒരു നിയമസഭാ മണ്ഡലത്തിലെ ഒരു സ്കൂളിൽ ഒരു നീന്തൽ കുളം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ